പരിപാടിയുടെ ഏകോപനം മാത്രമാണ് പൊതുഭരണ (എം.ജി.പി.) വകുപ്പുവഴി ചെയ്യുന്നത്. ഇതിനായി സെക്രട്ടറിയേറ്റിൽ ഒരു യൂണിറ്റും മെഡിക്കൽകോളേജി നടുത്തുള്ള ട്രിഡ ബിൽഡിംഗിൽ ഒരു മിഷൻ ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

(ഇ) എം.ജി.പി. യുടെ ആഫീസ് ആരംഭിക്കുന്നതിനും തുടർപ്രവർത്തനത്തിനും ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യത്തിനും മറ്റുമായി 2002-2003, 2003-2004, 2004-2005 സാമ്പത്തിക വർഷങ്ങളിലായി ആകെ 2,60,11,233 രൂപ ചെലവഴിച്ചിട്ടുണ്ട്.

എം.ജി.പി. മിഷന്റെ പ്രവർത്തനത്തിനായി ചുവടെ ചേർക്കുംപ്രകാരമുള്ള തുകകളാണ് ഓരോ സാമ്പത്തിക വർഷത്തിലും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്:

2002-2003	–	10,98,000
2003-2004	–	2,40,00,000
2004-2005	–	2,40,00,000
		4,90,98,000

(എഫ്) ഉപാധികളുടെ ഭാഗമായിട്ടല്ല മറിച്ച് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഭരണ നവീകരണ പരിപാടിയുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് കേന്ദ്ര സർക്കാർവഴി ഏഷ്യൻ വികസന ബാങ്കിൽ നിന്ന് ലഭ്യമാക്കുകയായിരുന്നു.

സർക്കാർ കടപ്പത്രം പുറപ്പെടുവിച്ചതിന്റെ വിശദാംശങ്ങൾ

8 [3261] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മേയ് മാസത്തിനും 2001 മേയ് മാസത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ സംസ്ഥാന ഗവൺമെന്റ് എത്ര കടപ്പത്രങ്ങൾ ഇറക്കിയിട്ടുണ്ടെന്നും ഇതിലൂടെ എന്തു തുക സമാഹരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) 2001 മേയ് മാസം മുതൽ നാളിതുവരെ സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും കടപ്പത്രം പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിലൂടെ എന്തു തുക സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 1996 മേയ് മാസത്തിനുമുമ്പ് ഗവൺമെന്റ് കടപ്പത്രത്തിലൂടെ സ്വരൂപിച്ച എത്ര തുക 1996-2001 കാലയളവിൽ നിക്ഷേപകർക്ക് തിരികെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 2001 മേയ് മാസം മുതൽ നാളിതുവരെ ഇത്തരത്തിൽ എത്ര തുക നിക്ഷേപകർക്ക് പലിശസഹിതം തിരികെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പതിനാല് കടപ്പത്രങ്ങളിലൂടെ 2788.38 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2001 മേയ് മാസത്തിനുശേഷം 2005 മേയ് മാസംവരെ കടപ്പത്രങ്ങളിലൂടെ 6294.57 കോടി രൂപ സമാഹരിച്ചു. ഇതിൽ 1772.85 കോടി രൂപ ഡെറ്റ് സ്വാപ്പിനുവേണ്ടി സ്വരൂപിച്ചതാണ്.

(സി) 200.01 കോടി രൂപ.

(ഡി) 1052.81 കോടി രൂപ.

പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശകൾ

9 [3262] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ശുപാർശകൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുകൂലമാണോ; അല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) കമ്മീഷൻ മുമ്പാകെ സംസ്ഥാന സർക്കാരും വിവിധ രാഷ്ട്രീയ പാർട്ടികളും സമർപ്പിച്ച നിവേദനങ്ങൾക്ക് അർഹമായ പരിഗണന ലഭിച്ചുവോ; ഇല്ലെങ്കിൽ അവഗണനയ്ക്ക് എതിരേ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ശുപാർശകൾ അനുസരിച്ച് വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് എന്ത് തുക വീതം ഓരോ വർഷവും ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ഇനത്തിലും കമ്മീഷൻ അവാർഡ് ചെയ്തിരിക്കുന്ന തുക പത്ത്, പതിനൊന്ന് ധനകാര്യ കമ്മീഷനുകളുടെ അവാർഡ് തുകയേക്കാൾ എത്ര കൂടിയെന്നും കുറഞ്ഞുവെന്നും വ്യക്തമാക്കുമോ;

(ഇ) വിദ്യാഭ്യാസം, ആരോഗ്യം മുതലായ രംഗങ്ങളിൽ സംസ്ഥാനം നേരിടുന്ന രണ്ടാംതലമുറ പ്രശ്നങ്ങൾക്കും അധികാര വികേന്ദ്രീകരണ രംഗത്ത് കൈവരിച്ച നേട്ടങ്ങൾക്കും കമ്മീഷൻ അർഹമായ പരിഗണന നൽകുകയുണ്ടായോ; എന്തു തുക ഗ്രാന്റായി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഗുണകരമാണെന്ന് പറയാൻ കഴിയില്ല. ധനകാര്യ കമ്മീഷൻ പിന്നോക്കാവസ്ഥയ്ക്ക് കൂടുതൽ പ്രാമുഖ്യം നൽകിയതിനാൽ മാനവശേഷി വികസനത്തിലും ആരോഗ്യ മേഖലയിലും മുന്നോക്കം നിൽക്കുന്ന കേരളത്തിന് 12-ാം ധനകാര്യ കമ്മീഷൻ ശുപാർശകൾ ഗുണകരമല്ല.

(ബി) ഇല്ല. ഭരണഘടന അനുസരിച്ച് നൽകുന്ന ശുപാർശയായതിനാൽ അത് കേന്ദ്ര സർക്കാർ അംഗീകരിച്ച് കഴിഞ്ഞാൽ ഇതിൽ മാറ്റം വരുത്തുവാൻ കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly